മുഴുവനും കൊടുത്തു തീർക്കുന്നതാണ്. ഗവൺമെന്റ് മുഴുവൻ കണക്കും എടുത്തിട്ടുണ്ട്. ഒരുപാട് ബുദ്ധിമുട്ട് കർഷകനുണ്ട്. ഡ്രൗട്ട് കഴിഞ്ഞശേഷം വലിയ മഴ വന്നു. അതും കൃഷിക്കാരന് ബുദ്ധിമുട്ടാണ്. കൃഷിക്കാരന്റെ ബുദ്ധിമുട്ട് പരിഹരിക്കാൻ ഈ ഗവൺമെന്റ് ചെയ്തതുപോലെ അനുഭാവപൂർവ്വമുള്ള നടപടികൾ ഒരൊറ്റ ഗവൺമെന്റും ഇതിനുമുൻപ് ചെയ്തിട്ടില്ല. അവർക്ക് എല്ലാ ആനുകൂല്യങ്ങളും കൊടുത്തു. മുൻ ഗവൺമെന്റ് കൊടുത്തതിന്റെ ഇരട്ടിയാണ് ഈ ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. ആ വിധത്തിൽ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്.....(ബഹളം)..... ദു:ഖമുണ്ട്. ഇത് ആവർത്തിച്ചാവർത്തിച്ച് സംസാരിക്കുന്നതിൽ ദു:ഖമുണ്ട്. (ബഹളം) ആരോടും വിരോധംകൊണ്ടല്ല. കേരളത്തിലെ കൃഷിക്കാരോട് കാണിക്കുന്ന കടുത്ത വഞ്ചനയാണ്. (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്, പ്ളീസ് (ബഹളം) അവർ പറയട്ടെ. ചെയർ വളരെ കാര്യമായി പറഞ്ഞു. ഇത് സബ്മിഷനാണ്. ഇതിൽ ചോദ്യങ്ങളില്ല. ചർച്ചയില്ല. ഡിബേറ്റില്ല. (ബഹളം) ഇത് അനുസരിക്കണം.

(2) സംസ്ഥാന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

ശ്രീ. ടി. കെ. ബാലൻ: സർ, കേരളത്തിലെ അഞ്ച് ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം അനിശ്ചിതമായി നീണ്ടുപോവുകയാണ്. 1997- ലാണ് അവസാനമായി ശമ്പളം പരിഷ്കരിച്ചത്. ആന്ധ്രാപ്രദേശ്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളിൽ ശമ്പള പരിഷ്ക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കേരളത്തിൽ എല്ലാ അഞ്ചു വർഷക്കാലത്തും ശമ്പള പരിഷ്കരണം നടപ്പിലാക്കുക എന്നുള്ളതാണ് കീഴ്വഴക്കം. കോസ്റ്റ് ഓഫ് ലിവിങ് ഇൻഡക്സിന്റെ സൂചിക തന്നെ ഇപ്പോൾ 816 ക്രോസ്സ് ചെയ്തു കഴിഞ്ഞു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി കേരളത്തിലെ സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിക്കണം. ഇക്കാര്യത്തിലുണ്ടായിട്ടുള്ള കാലതാമസം കണക്കിലെടുത്ത് ഇടക്കാലാശ്വാസം നൽകുന്നതിനെപ്പറ്റി ചിന്തിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 1-4-1958, 1966, 1968, 1973, 1978, 1983, 1988, 1992, 1997 എന്നീ കാലഘട്ടങ്ങളിലാണ് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുള്ളത്. സാധാരണയായി അഞ്ചു വർഷമാണ് ശമ്പള പരിഷ്കരണത്തിന്റെ കാലദൈർഘ്യമെങ്കിലും 1992-ലെ ശമ്പള പരിഷ്കരണം മൂന്നു വർഷവും എട്ട് മാസവും കഴിഞ്ഞപ്പോഴാണ് നടപ്പിൽ വരുത്തിയത്. കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 10 വർഷം കൂടുമ്പോഴാണ് നടപ്പിലാക്കുന്നത്. എന്നാൽ 1998-ലെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ 1-3-1997-ലെ സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുശേഷം കേന്ദ്ര സർക്കാരിന്റെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെടുത്തി വേണം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും നടത്താനെന്ന് ശുപാർശ ചെയ്തിരുന്നു. സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്കരണം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ ആരംഭിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും ഒരു ശമ്പള പരിഷ്കരണം നേരിടുന്നതിനുള്ള ശേഷി നമുക്കിപ്പോഴും കൈവന്നിട്ടുണ്ടെന്ന് തോന്നുന്നില്ല. ഇതിന്റെ എല്ലാ വശങ്ങളും ആലോചിച്ചശേഷം നയപരമായ ഒരു തീരുമാനം ഇതിൽ എടുക്കുന്നതായിരിക്കും.

(3) കോന്നി ആസ്ഥാനമാക്കി റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കലഞ്ഞൂർ, കൊടുമൺ, കോന്നി, അരുവാപ്പുലം, പ്രമാടം, തണ്ണിത്തോട്, മലയാലപ്പുഴ എന്നീ പഞ്ചായത്തുകളിൽപ്പെട്ട യുവതീ-യുവാക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് രണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആശ്രയിക്കേണ്ടി വന്നിരിക്കയാണ്. അഞ്ച് പഞ്ചായത്തുകളിലുള്ള ആളുകൾ പത്തനംതിട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും രണ്ട് പഞ്ചായത്തുകളിലുള്ള ചെറുപ്പക്കാർ അടൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലുമാണ് പോകേണ്ടി വന്നിരിക്കുന്നത്. എന്റെ നിയോജക മണ്ഡലം വളരെ വിസ്തൃതമായ ഒരു പ്രദേശമാണെന്നുള്ളതുകൊണ്ട് കിഴക്കൻ മേഖലയിലുള്ള ആളുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എന്തെങ്കിലുമൊരു കാര്യം സാധിക്കണമെങ്കിൽ 50-ഉം 60-ഉം കിലോമീറ്റർ യാത്ര ചെയ്തു വരണം. വാഹന സൗകര്യമില്ലാത്ത ഒരു പ്രദേശമാണ്. അത്തരം പ്രദേശങ്ങളിൽനിന്ന് ആളുകൾ കടന്നു വരുമ്പോൾ അവർക്ക് അടുത്ത ദിവസം മാത്രമേ മടങ്ങിപ്പോകുവാൻ കഴിയുകയുള്ളു. ഇപ്പോൾതന്നെ രണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 34,000-ത്തോളം യുവതീ-യുവാക്കൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുകൊണ്ട് കോന്നി കേന്ദ്രമാക്കി ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണം. വളരെ അടിയന്തിര സ്വഭാവത്തോടുകൂടി അതിനുവേണ്ട നടപടി സ്വീകരിക്കണം എന്നുള്ളതാണ് എന്റെ ആവശ്യം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. മലയോര പ്രദേശത്ത്, വളരെ വിസ്തൃതമായ സ്ഥലത്ത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ അപര്യാപ്തതയുണ്ട്. പതിനായിരം തൊഴിൽ ശക്തിയുള്ള സ്ഥലത്ത് ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നാണ് കണക്കു വച്ചിരിക്കുന്നത്. പക്ഷേ 34,000-ത്തോളം ആളുകൾ അവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുറക്കുന്നതിന് തടസ്സമായി നിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച പ്രത്യേകതകൾ കണക്കിലെടുത്ത്, മലയോര പ്രദേശം എന്ന പ്രത്യേകതകൂടി കണക്കിലെടുത്ത്, കോന്നി ആസ്ഥാനമായി ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എത്രയും പെട്ടെന്ന് ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly